No. CEE/4616/B.Pharm(LE)/2017/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശനം-2017
## ഒഴിവുള്ള സീറ്റുകൾ നുകത്തുന്നതിനായുള്ള ഓൺലൈൻ അലോട്ട്മെന്റ്

ബി.ഫാം (ലാറ്ററൽ എൻട്രി) 2017 കോഴ്സിലേയ്ക്ക് ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിന് ശേഷം കേരളത്തിലെ സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിൽ ഒഴിവുള്ള 74 സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് **23.11.2017 (വ്യാഴാഴ്ച)** പ്രസിദ്ധീകരിക്കുന്നതാണ്.

2017 ലെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഒഴിവു നികത്തുന്നതിനുള്ള ഈ ഓൺലൈൻ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. നിലവിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷൻസ് പരിഗണിക്കുന്നതാണ്. കൂടാതെ വിദ്യാർത്ഥികൾക്ക് പുതുതായി ഓൺലൈനായി ഓപ്ഷൻസ് നൽകുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. എന്നാൽ അത്തരം വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളൂ.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'B.Pharm(LE)2017 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ '**Option Registration**' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, നിലവിലുള്ള ഓപ്ഷനുകളുടെ പുനഃക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം **20.11.2017** മുതൽ **22.11.2017 വൈകുന്നേരം 5 മണി** വരെ മേൽ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്

ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 22.11.2017 വൈകുന്നേരം 5 മണിവരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് **23.11.2017** ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2017 നവംബർ 24, 25** തീയതികളിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **20.11.2017** | ഓപ്ഷൻ രജിസ്ട്രേഷൻ/പുനഃക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കായി വെബ്സൈറ്റ് സജ്ജമാകുന്നു |
| **22.11.2017, 5 pm** | ഓപ്ഷൻ രജിസ്ട്രേഷൻ/പുനഃക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കായുള്ള സൗകര്യം അവസാനിക്കുന്നു |
| **23.11.2017** | **ഒഴിവു നികത്തുന്നതിനായുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **24.11.2017 & 25.11.2017, 5 pm** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **25.11.2017 വൈകുന്നേരം 5.30 ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ കോളേജ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന അംഗീകരിച്ച് നൽകണം. |

***നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. തുടർന്നുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതുമല്ല.***

അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടില്ല. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും (നിലവിലെ ഒഴിവുകൾ ഉൾപ്പെടെ) www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
20.11.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**